പശ്ചിമഘട്ട സംരക്ഷണ റിപ്പോർട്ട്

17(21) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട സംരക്ഷണത്തിനുവേണ്ടി കേന്ദ്രസർക്കാർ തയ്യാറാക്കിയ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ ഏത് റിപ്പോർട്ടാണ് നടപ്പാക്കുന്നതെന്നറിയിക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് നടപ്പാക്കുമ്പോൾ സംസ്ഥാനത്തെ എത്ര വില്ലേജുകളിലെ എത്ര ജനങ്ങളെയാണ് ബാധിക്കുന്നതെന്ന് കണക്കുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) റിപ്പോർട്ട് നടപ്പാക്കുമ്പോൾ ഈ മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ സാധാരണ ജീവിതം തടസ്സപ്പെടാൻ ഇടയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയിൽ ഇനിയും പട്ടയം ലഭിക്കാത്ത കൈവശക്കാർക്ക് പട്ടയം നിഷേധിക്കുന്നതിന് ഇത് കാരണമാകുമോയെന്നറിയിക്കുമോ;

(ഇ) ഈ മേഖലയിലെ ജനങ്ങളുടെ ഇക്കാര്യത്തിലുള്ള ആശങ്കയകറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി&സി) 2014 മാർച്ച് 10-ലെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപന പ്രകാരം കേരളത്തിലെ 123 വില്ലേജുകളെ പരിസ്ഥിതി ലോല പ്രദേശങ്ങളായി കണക്കാക്കിയിട്ടുണ്ട്. സാധാരണ ജനജീവിതത്തെ ബാധിക്കുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പട്ടയം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത് റവന്യൂ വകുപ്പാണ്. ഇതിന് കസ്തൂരിരംഗൻ ശിപാർശകളുമായി ബന്ധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ജനങ്ങളുടെ ആശങ്കകൾ പഠിച്ച് തയ്യാറാക്കിയ ഡോ.ഉമ്മൻ.വി.ഉമ്മൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് കേന്ദ്രസർക്കാർ മേൽ സൂചിപ്പിച്ച കരട് വിജ്ഞാപനം പുറപ്പടുവിച്ചിട്ടുള്ളത്. എല്ലാ ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ചുള്ള നടപടികളാണ് ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള പരിസ്ഥിതി ലോല പ്രദേശങ്ങൾ കമ്മിറ്റി സന്ദർശിച്ച് സിറ്റിംഗ് നടത്തുകയും സാറ്റലൈറ്റ് മാപ്പിലെ അപാകതകൾ ഒഴിവാക്കി പഞ്ചായത്തുതല കമ്മിറ്റികൾ അംഗീകരിച്ച കഡസ്ട്രൽ മാപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്

18(22) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം 2 വർഷത്തിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം എത്രകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ശിപാർശ ചെയ്തിട്ടുള്ളതെന്നും ഇതിന്റെ എത്ര ശതമാനമാണ് ജില്ലയിൽ ഈ വർഷങ്ങളിൽ നടപ്പിലാക്കിയതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം 2 വർഷത്തിനകം 5.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ആകെ 11123.07 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ശിപാർശ ചെയ്തിട്ടുള്ളത്. ആയതിന്റെ 0.05 ശതമാനമാണ് ജില്ലയിൽ വികസന പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. 2014-15 വർഷത്തേയ്ക്ക് പ്രഭാകരൻ കമ്മീഷൻ റിപ്പാർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ വിവിധ പദ്ധതികൾക്കായി 75 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. 2014-15-ലെ ചെലവ് 75 കോടി രൂപയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയോടെ 99.38 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയും നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly